**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>ചോദ്യം നമ്പർ.812 | 30.06.2011-ൽ<br>മറുപടി നൽകേണ്ടത് |

**ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( ബഹു: റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂരഹിതരായി അവശേഷിക്കുന്ന ആദിവാസി കുടുംബങ്ങൾക്കു കൂടി ഭൂമി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) സ്വീകരിച്ചുവരുന്നു. |
| (ബി) ഒരു ഏക്കറിൽ കുറവ് ഭൂമി മാത്രമുള്ള ആദിവാസി കുടുംബങ്ങൾ എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; അവശേഷിക്കുന്ന ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. 2001 - ലെ കണക്കുകളനുസരിച്ച് ഒരേക്കറിൽ താഴെ ഭൂമിയുള്ള 32131 ആദിവാസി കുടുംബങ്ങളുണ്ട്. അവശേഷിക്കുന്ന ഭൂരഹിത ആദിവാസി കുടുംബങ്ങൾ 10917 ആണ്. |
| (സി)എല്ലാ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്യാൻ എത്ര ഏക്കർ വനഭൂമി കൂടി വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (സി) വനാവകാശ നിയമം അനുസരിച്ച് കൈവശം ഉള്ള വനഭൂമിക്കാണ് വനാവകാശ രേഖകൾ നൽകിവരുന്നത്. ഭൂരഹിതരായി അവശേഷിക്കുന്ന ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി വിതരണം ചെയ്യുന്നതിന് 10917 ഏക്കർ ഭൂമി ആവശ്യമാണ്. ഒരേക്കറിൽ കുറവ് ഭൂമിയുള്ളവർക്ക് ഒരേക്കർ തികക്കുന്നതിന് 30,000 ത്തോളം ഏക്കർ ഭൂമി വേണ്ടിവരും. |
| (ഡി)വനഭൂമി വിട്ടു കിട്ടുന്നത് സംബന്ധിച്ച സുപ്രീം കോടതിയിലെ കേസ് വിധിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) വനഭൂമി വിട്ടു കിട്ടുന്നത് സംബന്ധിച്ച് സുപ്രീം കോടതിയിലെ കേസ് വിധിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ